ഉത്തരം

(എ) പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച അനുവാദ പത്രിക അനുവദിക്കുന്ന മുറയ്ക്ക് വില്ലേജ് ഓഫീസർ മുഖേന സ്ഥല പരിശോധന നടത്തി ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിച്ച് തഹസീൽദാർമാർ പട്ടയം നൽകിവരുന്നു.

(ബി) ഇല്ല.

(സി) നടപടി സ്വീകരിച്ചുവരുന്നു.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

176 (1209) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം എത്ര പേർക്കാണ് ഭൂമി നൽകാനായത് ; സംസ്ഥാനത്തെ ഭൂരഹിതരുടെ എണ്ണമെത്ര ;

(ബി) സർക്കാർ അനുവദിച്ച ഭൂമി ഉപയോഗശൂന്യമായതും പട്ടയപ്രകാരമുള്ളവ കണ്ടെത്താനാവാത്തതും കാരണം ഭൂമി ലഭിക്കാത്തവരുടെ എണ്ണമെത്ര; ഇതു സംബന്ധിച്ച എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(സി) ഈ പദ്ധതിക്കായി എത്ര ഏക്കർ ഭൂമി എവിടങ്ങളിലെല്ലാമാണ് കണ്ടെത്തിയത്; ഇത് ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന ഭൂമിയാണ്; മിച്ചഭൂമി, പുറമ്പോക്ക്, മറ്റ് സർക്കാർ കൈവശമുള്ള ഭൂമി എന്നിങ്ങനെ തരംതിരിച്ച് കണക്ക് ലഭ്യമാക്കാമോ ;

(ഡി) ഈ ആവശ്യത്തിലേക്കായി പണം നൽകി ഭൂമി വാങ്ങിയിട്ടുണ്ടോ ; എങ്കിൽ എത്ര ; എന്ത് തുക ചെലവായി ?

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 36,491 പേർക്ക് പട്ടയം അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ ഭൂരഹിതരുടെ എണ്ണം പ്രസ്തുത പദ്ധതി പ്രകാരം തിട്ടപ്പെടുത്തുന്നതിനായി വില്ലേജ് ഓഫീസ് മുഖാന്തിരം അപേക്ഷ ക്ഷണിച്ച് ചട്ടപ്രകാരമുള്ള വിശദമായ അന്വേഷണം നടത്തി നിശ്ചിത മാനദണ്ഡങ്ങളുടെ പരിധിയിൽവരുന്ന ഭൂരഹിത കുടുംബങ്ങളെയാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി പരിഗണിച്ചിട്ടുള്ളത്. ഇങ്ങനെ കണ്ടെത്തിയ ഭൂരഹിതരായ കുടുംബങ്ങളുടെ എണ്ണം 2,43,928 ആണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതിയിൽ വീട് വയ്ക്കാൻ അനുയോജ്യമായ സർക്കാർ ഭൂമിയാണ് പ്ലോട്ടുകൾതിരിച്ച് നൽകുന്നത്. എന്നാൽ അനുവദിച്ച ഏതാനും പ്ലോട്ടുകളെ സംബന്ധിച്ച് ആക്ഷേപം ചുരുക്കം ചില സ്ഥലങ്ങളിൽ ഉയർന്നിരുന്നു. അർഹമായ കേസുകളിൽ മാത്രം അത്തരം പ്ലോട്ടുകൾ മാറ്റി നൽകുന്നതിനുള്ള നടപടികൾ ജില്ലാതലങ്ങളിൽ നടന്നുവരുന്നു. ജില്ലകളിൽ ലഭിച്ച ഇത്തരം പരാതികൾ ജില്ലാ കളക്ടർമാർ പരിശോധിച്ചുവരുന്നു.

(സി) ഭൂമി തെരഞ്ഞെടുക്കുന്ന പ്രവർത്തനങ്ങൾ വില്ലേജ്-താലൂക്ക്- ജില്ലാതലങ്ങളിൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി നടന്നുവരികയാണ്. റവന്യൂ ഭൂമി, മിച്ച ഭൂമി, അന്യം നിൽപ് ഭൂമി, ബോട്ട്-ഇൻ-ലാൻഡ്, മറ്റ് വകുപ്പുകളുടെ കൈവശത്തിലുള്ളതും എന്നാൽ അവർ ഉപയോഗിക്കാതെ കിടക്കുന്നതുമായ ഭൂമി ഉടങ്ങി വിവിധതരം ഭൂമികളാണ് പദ്ധതിക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നത്. ഇതിനകം തെരഞ്ഞെടുത്ത ഭൂമികളിൽ സർവ്വേ നടപടികൾ നടന്നുവരുന്നു. സർവ്വേ നടപടികൾ പൂർത്തിയായാൽ മാത്രമേ ലഭ്യമായ ഭൂമിയുടെ കൃത്യമായ വിസ്തീർണ്ണം ലഭ്യമാകുകയുള്ളൂ.

(ഡി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കുവേണ്ടി നാളിതുവരെ പണം നൽകി ഭൂമി വാങ്ങിയിട്ടില്ല.

എളങ്കുന്നപ്പുഴയിലെ തീരദേശവാസികൾക്ക് പട്ടയം

177 (1210) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എളങ്കുന്നപ്പുഴയിലെ തീരദേശവാസികളായ 27-ഓളം കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നത് സംബന്ധിച്ച് സമർപ്പിച്ച അപേക്ഷയിൽ തീരുമാനമെടുക്കുന്നതിന്റെ ഭാഗമായി സി.ഇ.എസ്സ്.എസ്സ്.-ന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ട് കത്ത് നൽകിയിട്ടുണ്ടോ ; എങ്കിൽ ഏത് തീയതിയിലെന്നും ഇക്കാര്യത്തിലുള്ള മറുപടിയെന്തെന്നും വിശദമാക്കാമോ ?

<u>ഉത്തരം</u>

എളങ്കുന്നപ്പുഴയിലെ തീരദേശവാസികളായ ഇരുപത്തിയേഴോളം കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട അഭിപ്രായം അറിയിക്കുന്നതിലേയ്ക്കായി 2-4-2013-ന് എറണാകുളം ജില്ലാ കളക്ടർ, സെസ്സ് (സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്) എന്ന സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ട്. ആയതിന് മറുപടിയൊന്നും നാളിതുവരെയും ലഭിച്ചിട്ടില്ലായെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly